പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3154

20.12.2012-ൽ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിലെ റോഡു നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം പഞ്ചായത്തിലെ രാമഞ്ചിറ റോഡ്, തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് ജംഗ്ഷൻ - നരേന്ദ്രപ്രസാദ് ജംഗ്ഷൻ റോഡ്, തഴക്കര പഞ്ചായത്തിലെ വെട്ടിയാർ ജംഗ്ഷൻ - പോസ്റ്റ് ഓഫീസ് ജംഗ്ഷൻ റോഡ് എന്നിവ അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയില്ല. |
| (ബി) | നിലവിൽ റോഡുകളുടെ സ്ഥിതി പരിതാപകരമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ ; എസ്റ്റിമേറ്റ് എടുത്തിട്ടില്ലായെങ്കിൽ അടിയന്തിരമായി എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത റോഡുകളുടെ നിലവിലെ സ്ഥിതി, എസ്റ്റിമേറ്റ് തുക, ഫയൽ നമ്പർ അടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പ്രസ്തുത റോഡുകളുടെ നവീകരണത്തിനു വേണ്ടി 03.10.11, 11.10.11 എന്നീ തീയതികളിൽ സി.ഇ/ആർ &ബി/എ എൽ പി/7783/11 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ്, ഫണ്ടിന്റെ അപര്യാപ്തത കാരണം 2011 -12 സാമ്പത്തിക വർഷത്തിൽ |

പരിഗണിക്കാൻ കഴിഞ്ഞില്ല. ആയത് 25.11.11-ലെ Endt No:22271/ജി1/11/പൊതുമരാമത്ത് വകുപ്പ്, 29.11.11-ലെ Endt No: 23985/ജി1/11/പൊതുമരാമത്ത് വകുപ്പ് എന്നിവ പ്രകാരം ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ